GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314

Editor Farm News: Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/06/2026

1. കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി: AIF പദ്ധതികളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund – AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ

ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല എന്നതും പദ്ധതിയുടെ പ്രധാന ആകർഷണമാണ്.കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

2. ക്ഷീരവികസന വകുപ്പിന്റെ NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലാബിൽ പാൽ, പാലുല്പന്നങ്ങൾ, കുടിവെള്ളം, കാലിത്തീറ്റ, കാലിത്തീറ്റ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, ധാന്യങ്ങൾ പയർവർഗ്ഗങ്ങൾ, എന്നിവയുടെ കെമിക്കൽ, മൈക്രോബയോളജി പരിശോധനകൾ ചെയ്യുന്നുണ്ട്. ഇതോടൊപ്പംതന്നെ പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ FSSAI പ്രകാരമുള്ള കെമിക്കൽ പരിശോധനകളിലും, കുടിവെള്ളം, FOOD, Milk & Milk Products എന്നിവയുടെ മൈക്രോബയോളജി പരിശോധനകളിലും ലാബിൽനിന്നും പരിശീലനം നൽകുന്നുണ്ട്. പരിശോധനകൾക്കും, പരിശീലനങ്ങൾക്കും സർക്കാർ അംഗീകൃത നിരക്കുകളും ഈടാക്കുന്നുണ്ട് . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2445749, 2445799, e-mail: dir.dairy@kerala.gov.in ,cru.ddd@kerala.gov.in.

3. കേരളകാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകള് വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM - 4:00 PM വരെയായിരിക്കും. ഫോൺ നമ്പർ 9188248481 .

4. ചങ്ങനാശ്ശേരി തുരുത്തി മൃഗാശുപത്രിയിൽ 45 ദിവസത്തിനുമേൽ പ്രായമുള്ള ഗ്രാമശ്രീ കോഴി കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ ജൂൺ ഏഴിന് രാവിലെ 9 മണി മുതൽ വിതരണം ചെയ്യുന്നു . ബുക്കിങ്ങിനായി വിളിക്കേണ്ട നമ്പർ 9744927580.

## പരിശീലന പരിപാടി

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന 'CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER' (CAITT) ഈ മാസം വിവിധ വിഷയങ്ങളിൽ ഏകദിന പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ക്ലാസ്സിനും രജിസ്ട്രേഷൻ ഫീസ് 500/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക. ഈ മാസം 09 ന് തെങ്ങുകൃഷി : നടീലും പരിപാലന രീതികളും, 12 ന് പഴങ്ങളുടെ ശാസ്ത്രീയ സംസ്കരണം, 18ന് ശാസ്ത്രീയ പച്ചക്കറി കൃഷി, 23 ന് കൂൺ കൃഷി, 27ന് വാണിജ്യ പുഷ്പകൃഷി രീതികൾ എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

6. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് “വിള സുസ്ഥിരതയ്ക്കായുള്ള ജൈവ ഇടപെടലുകൾ" (Organic Interventions for Crop Sustainability) എന്ന വിഷയത്തിൽ മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 2026 ജൂൺ 15 മുതൽ 2026 സെപ്റ്റംബർ 15 വരെ.വിദ്യാഭ്യാസ യോഗ്യത: കുറഞ്ഞത് പ്ലസ് ടു പാസായിരിക്കണം. രജിസ്ട്രേഷൻ ഫീ: ₹100, കോഴ്സ് ഫീ: ₹4000 രൂപ . കോഴ്സ് ദൈർഘ്യം: 3 മാസത്തിനിടയിൽ ആകെ 50 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ക്ലാസുകൾ റെക്കോർഡ് ചെയ്യുന്നതല്ല. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 2026 മെയ് 30. കൂടുതൽ വിവരങ്ങൾക്ക് cti@kau.in എന്ന ഇമെയിൽ വിലാസത്തിലോ അല്ലെങ്കിൽ 0487 2371104, 8547837256 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

7. കാർഷിക നിർദ്ദേശം

നെല്ലിന്റെ വിരിപ്പ് കൃഷിക്കായുള്ള ഞാറ് 4-5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ,

ഇലപ്പുള്ളി രോഗങ്ങൾ തുടങ്ങിയവ ഉണ്ടാവുന്നതിനെ പ്രതിരോധിക്കാം. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി ലായനി ഉണ്ടാക്കാം.

ഇടവപ്പാതി തുടങ്ങുന്നതോടെ ഉയർന്ന തവാരണകൾ ഉണ്ടാക്കി വിത്തുതേങ്ങകൾ പാകാം. വെള്ളം കെട്ടിനിൽക്കാതിരിക്കാൻ നീർവാർച്ച സൗകര്യം ഉറപ്പുവരുത്തണം. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ 2 ഗ്രാം ഒരു പായ്ക്കറ്റിൽ, 3 എണ്ണം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക.